വസ്ത്ര കയറ്റുമതി

109 [475] ശ്രീ. എ. സുജനപാൽ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി:

„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് ഉയർന്നതോതിൽ വസ്ത്ര കയറ്റുമതി ചെയ്യുവാൻ ഉതകുമാറ് ഉയർന്ന നിക്ഷേപം വസ്ത്ര ഉൽപ്പാദന രംഗത്ത് സാദ്ധ്യമാക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രംഗത്ത് മൂലധന നിക്ഷേപം നടത്തുന്നതിന് നിക്ഷേപകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) 29 കോടി രൂപയുടെ നിക്ഷേപം വരുന്ന ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്പ്മെന്റ് സ്കീം കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്നു.

കണ്ണൂർ ജില്ലയെ "ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ഫോർ ഹാന്റ് ലൂം" ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ വസ്ത്ര ഉൽപ്പാദന രംഗത്ത് ഉയർന്ന നിക്ഷേപം സാദ്ധ്യമാക്കാനുപകരിക്കുന്ന തരത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കോഴിക്കോട്) മുഖേന തയ്യാറാക്കി വരുന്നു. വിദേശ വിപണി ലക്ഷ്യമാക്കി മൂല്യവർദ്ധിത കൈത്തറി വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് സ്വർണ്ണ ജയന്തി ഗ്രാമ സ്വരാജ് യോജന (എസ്.ജി.എസ്.വൈ.) സ്കീം പ്രകാരം കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ രണ്ട് സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തുള്ള കിൻഫ്രാ അന്താരാഷ്ട്ര അപ്പാരൽ പാർക്കിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു. ജീവനക്കാർക്ക് താമസിക്കാൻ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതുൾപ്പെടെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അപ്പാരൽ ട്രെയിനിംഗ് ഡിസൈൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കിൻഫ്രയുടെ പാർക്കുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പുതിയ നിക്ഷേപകരെ ആകർഷിക്കുവാൻ പര്യാപ്തമായവയാണ്. ഇത് കൂടാതെ ഇവിടെ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് വേണ്ടി ഏകജാലക ക്ലിയറൻസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായ വികസനത്തിനു ചെലവഴിച്ച തുക

110 [478] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ വികസനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും 2001-02, 2002-03, 2003-04 വർഷങ്ങളിൽ എത്ര തുക ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly